## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4803 — 18.12.2014 ൽ മറുപടിക്ക്

## ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

| ചോദ്യം<br>ശ്രീ. വി. ശശി | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഇല്ല |
| (ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഉത്തരവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ലഭ്യമാക്കാമോ? | (ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് വിജിലൻസ് സർക്കാരിലേക്ക് ശുപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ ലീഗൽ മെട്രോളജി കൺട്രോളർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

നം:46860/എഫ്3/2014/റവന്യൂ

റവന്യൂ (എഫ്) വകുപ്പ്
തിരുവനന്തപുരം,
തിയതി. 19.09.2014.

പ്രിൻസിപ്പൽ സെക്രട്ടറി

**കൺട്രോളർ,**
ലീഗൽ മെട്രോളജി വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : റവന്യൂ വകുപ്പ് - ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നത് - വിജിലൻസ് അന്വേഷണം - തുടർ നടപടി - സംബന്ധിച്ച്

സൂചന : വിജിലൻസ് (ഇ) വകുപ്പിന്റെ 22/8/2014 ലെ 10740/ഇ1/2014/വിജി നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണത്തെ തുടർന്ന്, ലീഗൽ മെട്രോളജി വകുപ്പിന്റെ തിരുവനന്തപുരം അമ്പലമുക്ക് അസിസ്റ്റന്റ് കൺട്രോളർ ഓഫീസിലെ ഫ്ലയിംഗ് സ്ക്വാഡിലെ സീനിയർ ഗ്രേഡ് ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ.വി. രാജനെ അടിയന്തിരമായി ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു. അതോടൊപ്പം ലീഗൽ മെട്രോളജി വകുപ്പിൽ ഒരേ ജില്ലയിൽ 10 വർഷത്തിലധികമായി തുടരുന്നവരെയും ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റം നൽകുന്നത് ഉചിതമായിരിക്കും എന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

സ്വീകരിച്ച നടപടികൾ വിജിലൻസ് വകുപ്പിനെ അറിയിക്കേണ്ടതിനാൽ വിജിലൻസ് വകുപ്പിന്റെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി മടക്കത്തപാലിൽ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**സൂസൻ ഗോപി**
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ